സാമൂതിരിമാരും ലോകത്തിലെ
മുഹമ്മദീയ കോയ്മകളും

(തുടർച്ച)

പി. സി. എം. രാജാ, ബി. എ; എൽ. ടി.

1506 മുതൽക്കെ സാമൂതിരി കേയ്രോവിലെ സോൽദാൻ (Soldan) എന്ന മുസ്ലിം രാജാവിന്റെ സഹായത്തോടുകൂടി പൊതുശത്രുവായ പറങ്കികളെ എതുക്കാനായി പരിശ്രമിച്ചിരുന്നു. 1506 മാർച്ച് 3-ാംനു- കണ്ണൂരിലുള്ള പറങ്കികളെ സാമൂതിരിയും അറബികളും തുർക്കികളും ഒത്തുചേർന്നാക്രമിച്ചു. കാമ്പെ (Cambay) സുൽത്താന്റെ സൈന്യാധിപനും ദിയു (Diu) വിലെ പ്രമാണിയുമായ മാലിക്ക് അയിസിന്റെ സഹായം 1507-ൽ സാമൂതിരി അഭ്യർത്ഥിച്ചത് അയാം സ്വീകരിച്ചുവെങ്കിൽ ദിയു മുസ്ലിംകൾക്കു നഷ്ടപ്പെടുവാനിടയില്ലായിരുന്നു. എങ്കിലും ടോൺദ്രാട്ടിയുടെ കീഴിലുള്ള പറങ്കിസൈന്യം അറബികളോടെത്തപ്പോൾ സാമൂതിരി 1525 ആഗസ്തിൽ 200 കപ്പലുകളുള്ള ഒരു നാവികപ്പടയെ അറേബിയയിലേക്കയച്ചു. പക്ഷേ സാമൂതിരിക്കു ജയം കൈവന്നില്ല; അതിനാൽ പറങ്കികൾ കൊച്ചിയിലുള്ള മരക്കാരേയും കൊടുങ്ങല്ലൂരിലെ സെൻതോമാസ് പള്ളി കത്തിച്ച എല്ലാ മുസ്ലിംകളേയും തങ്ങൾക്കു വിട്ടുകൊടുക്കാനായി സാമൂതിരിയോടാജ്ഞാപിച്ചു; സാമൂതിരി അതിനു വഴങ്ങിയില്ല. സാമൂതിരിയുമായി കച്ചവടംചെയ്തിരുന്ന അറബികളെ പറങ്കികൾ ഉപദ്രവിച്ചാൽ ജെറൂസലത്തിൽ വരുന്ന എല്ലാ ക്രിസ്ത്യൻ തീർത്ഥയാത്രക്കാരേയും താൻ തടയുമെന്നു ഈജിപ്ത് സുൽത്താനും പറങ്കികളെ അറിയിച്ചു.

പറങ്കികളുടെ ശക്തിയെ അമർത്താൻ ദക്ഷിണേന്ത്യയിലെ മുഹമ്മദീയ കോയ്മകൾ ഏകോപിച്ചുനിന്നു പൊരുതാനൊരുമ്പെട്ടു; അവർ സാമൂതിരിയേയും സഹായത്തിനു സമീപിച്ചു. 1333-ൽ ഗുജറാത്തിലെ സുൽത്താൻ ബഹദൂർഷാ ഖോജാ ഹസ്സനെ സാമൂതിരികോവിലകത്തേക്കയച്ചു സഹായമഭ്യർത്ഥിച്ചു. അന്നു സാമൂതിരിയും പറങ്കികളുമായി ഒരു താല്ക്കാലികസന്ധി നിലവിലുണ്ടായിരുന്നതിനാൽ തൽക്കാലം സാമൂതിരി ഒരു ഭാഗത്തും ചേർന്നില്ല. 1552-ൽ സാമൂതിരി പറങ്കികളുമായി തെറ്റിയപ്പോൾ യൂസഫ് എന്ന തുർക്കിക്കാരൻ മുഖാന്തിരം സാമൂതിരിക്കു ധാരാളം വലിയതോക്കുകൾ ഈജിപ്ത് സുൽത്താൻ എത്തിച്ചുകൊടുത്തു. ഇക്കാലം തുർക്കികൾ ഈജിപ്ത് ഭരണാധികാരികളായിത്തീർന്നിരുന്നു. 1538നടുത്ത് സാമൂതിരി പറങ്കികൾക്കെതിരായി കമ്പേയ് (Cambay) സുൽത്താനുമായി സന്ധിചെയ്തിരുന്നു. സുലൈമാൻപാഷാ അൽഖാദിറിന്റെ കീഴിൽ ഒരു തുർക്കി

നാവികപ്പട 1538-ൽ സാമൂതിരിയുടെ സഹായത്തിന്നെത്തി. ഈജിപ്ത് സുൽത്താൻ ഏല്പിച്ചപ്രകാരം ഈ നാവികധീരൻ ഗുജറാത്തിൽ വന്നു സാമൂതിരിയുമായി യോജിച്ചു പറങ്കികളോട് ഒരു "പരിശുദ്ധ"യുദ്ധത്തിന്നൊരുങ്ങിയെങ്കിലും പൊട്ടന്നവെ സുലൈമാൻ മടങ്ങിപ്പോകയാണുണ്ടായത്.

1569-ൽ ബീജാപ്പൂർ സുൽത്താനായ അദിൽഷാവും അഹമ്മദ്നഗർ സുൽത്താനായ നൈസാമുൽകോയുർട്ടാസാ നൈസാമും പോർച്ചുഗീസുകാരെ പടിടിഞ്ഞാറെക്കരയിൽനിന്നും അടിച്ചോടിക്കുന്നതിന്നു സാമൂതിരിയുടെ സഹായമഭ്യർത്ഥിച്ചുകൊണ്ടു ദൂതന്മാരെ കോഴിക്കോട്ടേക്കയച്ചു. ഇവർ ചെയ്ത സഖ്യപ്രകാരം അദിൽഷാ ഗോവയും, അഹമ്മദ്നഗർ സുൽത്താൻ ബോമ്പയ്ക്കരികെയുള്ള ചോളും (Chaul) സാമൂതിരി ചാലിയവും ഒരേ സമയം ആക്രമിച്ചു അവിടങ്ങളിലെ പറങ്കികളെ ഓടിക്കാനുറച്ചു. ചോൾ വളഞ്ഞ അഹമ്മദ്നഗർ സുൽത്താനെ സഹായിക്കുവാൻ സാമൂതിരി 1570 ഫിബ്രുവരിയിൽ ഒരു മരയ്ക്കാരുടെ കീഴിൽ വലിയൊരു കപ്പൽസൈന്യത്തേയും അയച്ചു. സാമൂതിരി അച്ചിൻ (Achin) രാ



നിങ്ങളുടെ കുട്ടികൾക്ക് സജീവമായ ആരോഗ്യം നേടുവാൻ

കൃത്രിമമായ അനുകരണങ്ങളെ നിഷേധിപ്പിൻ. നിങ്ങൾ വാങ്ങുന്നത് കോഴിക്കോട്ട്, ഗവൺമെണ്ട് ഓയൽ ഫാക്ടറിക്കാരാൽ ഉണ്ടാക്കപ്പെടുന്ന (മദിരാശി ഗവൺമെണ്ട് ബ്രാണ്ട്) "ഷാർക്ക് ലിവർഓയിൽ" തന്നെയല്ലെ

എന്നു സൂക്ഷിച്ചു മനസ്സിലാക്കുക. എല്ലായിടത്തും കിട്ടും.

SHARK LIVER OIL

AVAILABLE EVERYWHERE

MGB MADRAS GOVERNMENT BRAND

REFUSE SPURIOUS IMITATIONS



GOVERNMENT OIL FACTORY, CALICUT

ഏജൻറുമാർ:—മെസ്സേർസ്സ് പാരി & കമ്പനി, ലിമിറ്റഡ്, മദിരാശി.

ജാവിനേയും സഖ്യത്തിൽ ക്കൂട്ടി. 1570-ൽ ഈ സഖ്യശക്തികൾ ലക്ഷം സൈന്യങ്ങളോടും 2000 ആനകളോടുംക്കൂടി ഗോവ പിടിക്കാൻ ശ്രമിച്ചത് നിർഭാഗ്യവശാൽ ഫലിച്ചില്ല. എന്നാൽ ചാലിയത്തിൽനിന്നു പറങ്കികളെ തീരെ ഓടിയ്ക്കുവാൻ സാമൂതിരിക്കു കഴിഞ്ഞു. 1571 ജൂലായിയിൽ ഹിജറ കൊല്ലം 979 സഫർ 15-ാംനു- (മലയാം കൊല്ലം 747 വൃശ്ചികം) സാമൂതിരിയുടെ നായർസൈന്യങ്ങളും മരയ്ക്കാർമാരുടെ കീഴിലുള്ള കപ്പൽസൈന്യവുംക്കൂടി ചാലിയം കോട്ട പിടിച്ചു അതിനെ നിശ്ശേഷം പൊളിച്ചുകളഞ്ഞു.

സാമൂതിരിയുടെ ഈ വിജയത്തെപ്പറ്റിയും പറങ്കികൾ മുഹമ്മദീയരോടു പ്രവർത്തിച്ച അക്രമങ്ങളെപ്പറ്റിയും ബീജാപ്പൂർ സുൽത്താൻ ആലി ആദിൽഷാവിന്റെ കൊട്ടാരകവിയായ ഷെയിക്ക് സൈനുദ്ദീൻ "തുഹ്ഫത്തുൽ മുജാഹിദീൻ" എന്ന ഗ്രന്ഥത്തിൽ സവിസ്തരം വർണ്ണിച്ചിട്ടുണ്ട്. ഒരു മലയാള കവിയും സാമൂതിരി ചാലിയം പിടിച്ചത്

"കൊല്ലം കേൾ ഒരുനൂറിനാല്പതിനുമേൽ ഏഴാമതിൽ ഭാനുമാൻ
ചെല്ലുംവൃശ്ചികമാസി പഞ്ചമിദിനേ രക്ഷാരികൈക്കൊണ്ടനാൾ
കല്യംമാനുഷരാക്ഷസപ്പടതിമത്തച്ചാലിയക്കോട്ടകൊ-
ണ്ടെല്ലാക്കും‌മമ മാനവിക്രമനൃപൻ കല്യാണമേകീടിനാൻ."

എന്ന ശ്ലോകത്താൽ എന്നെന്നേക്കും സ്മരിക്കുമാറു രേഖപ്പെടുത്തിയിരിക്കുന്നു. സാമൂതിരിയുടെ ഈ ജയത്തിനുശേഷം പറങ്കികൾക്കു ഇന്ത്യയിൽ യാതൊരു നാട്ടുരാജാവിനോടും എതിർക്കത്തക്ക ശക്തിയുണ്ടായിട്ടില്ല എന്നാണ് ഒരു ചരിത്രകാരൻ പ്രസ്താവിച്ചിട്ടുള്ളത്. എന്നാൽ പറങ്കികൾ അത്ര ക്ഷണം പിൻമാറിയില്ല. 1578-ൽ പുതിയ ഒരു സാമൂതിരി സ്ഥാനത്തെത്തിയപ്പോൾ പതിവുപോലെ ആ സാമൂതിരിയെ അനുമോദിക്കാൻ ബീജാപ്പൂർ സുൽത്താൻ കോഴിക്കോട്ടേക്കു പ്രതിനിധിയെ അയച്ചു. സാമൂതിരി ഈ പ്രതിനിധി മുഖാന്തിരം പറങ്കികളെ തീരെ അമർത്താൻ ബീജാപ്പൂർ സുൽത്താനുമായി സന്ധിചെയ്തതറിഞ്ഞു പറങ്കികൾ ഭയപ്പെട്ടു. കൊടുങ്ങല്ലൂരിൽ ഭരണിമഹോത്സവം നടത്തിയിരുന്ന സാമൂതിരിയുടെ അരികിലേക്കു സമാധാനം സ്ഥാപിപ്പാനായി ദൂതന്മാരെ അയച്ചു. പറങ്കികൾ ചതിയന്മാരാണെന്നറിഞ്ഞു സാമൂതിരി സന്ധിക്കു സമ്മതിച്ചില്ലെങ്കിലും 1584-ൽ വീണ്ടും അവർ സാമൂതിരിയെ സമീപിച്ചു സമാധാന ഉടമ്പടി ഒപ്പിട്ടു. ഗുജറാത്തിലേയും, പേർസ്യയിലേയും അറേബിയയിലേയും തുറമുഖങ്ങളിൽ അറബികൾക്കും മുസൽമാന്മാർക്കും കപ്പൽ ഓടിക്കുവാൻ പൂർണ്ണസ്വാതന്ത്ര്യം ഈ ഉടമ്പടിപ്രകാരം പറങ്കികൾ സമ്മതിച്ചുകൊടുത്തുവെന്നാണ് ഷേക്ക് സൈനുദ്ദീൻ പ്രസ്താവിച്ചിട്ടുള്ളത്.

ഇങ്ങിനെ ഓരോന്നുമെടുത്തുദാഹരിക്കുന്നതായാൽ 9-ാം നൂറാണ്ടുമുതൽ

സാമൂതിരിയും ലോകത്തിലെ മുസൽമാൻ കോയ്മകളും തമ്മിൽ ഏറ്റവും ഐക്യത യിലായിരുന്നുവെന്നു തെളിയും. പറങ്കികളുടെ സ്ഥാനം കയ്യ്ക്കലാക്കിയ ലന്തക്കാർ (Dutch) സാമൂതിരിയുമായി പിണങ്ങിയപ്പോഴും പഴയപടി മാപ്പിളമാർ സാമൂ തിരിക്കുവേണ്ടി ഡച്ചുകാരെ തിരുവഞ്ചിക്കുളത്തുനിന്നു ഓടിക്കുവാൻ 1670—71 ലുംക്രൂടി യുദ്ധംചെയ്തിട്ടുണ്ടെന്നു പടപ്പാട്ടിലെ

"മാപ്പിളമാരും ലന്തേശനും പാരതിൽ
പരിതമൊട്ടുപോരിനുകോപ്പിട്ടനേരത്തു
പാൺപടംവാങ്ങീതു ലന്തപ്പെരുമ്പട
അവശതരഹൃദയമോടുമവിടെജോനകരോട്ട
മല്ലൈതന്യൻ വെള്ളക്കൊടിയുംതുക്കി.

എന്ന വരികളം തെളിയിക്കുന്നു. യഥാർത്ഥത്തിൽ ഹൈദരും ടിപ്പുവുംക്രൂടി സാമൂ തിരിയുമായി സഖ്യം ശ്രമിച്ചുനോക്കിയതിനും ലക്ഷ്യങ്ങളുണ്ട്.

Use "CROWNBRAND TILES"

Managing Proprietor:—
P. K. NAIR.

REGD
TRADE MARK
Estd. 1920.

Tele { gram: NAIR, FEROKE
Phone: 70, Calicut.

Sales Depot &
Branch Office at
Wolfendhol
Street, Colombo

14" gauge



Perfect Model

Best quality "Crown" brand
roofings and other tiles

Stron, light & non-porous.

Largely used throughout
INDIA, BURMA, CEYLON & F. M. S.

Manufactured by:—

The Malabar Tile Works,
FEROKE, S. Malabar